59

# എന്നോട് ഒരു കഥ പറയുക

## വായനാ ഭാഗം #24

VI. പെസഹ മുതൽ യേശു ബെഥാന്യയിലെത്തുന്നതുവരെ (തുതുടർച്ച).

P. പെരയയിലെ ശുശ്രൂഷ (തുടർച്ച).

3. ഒരു പരീശന്റെ വീട്ടിലേക്ക് യേശുവിനെ ക്ഷണിക്കുന്നതും – പെരുന്നാളുകളെ കുറിച്ച് ശരിയായ മൂന്നു പാഠങ്ങളും (ലൂക്കൊ. 14:1–24).
   a. താഴ്മയെക്കുറിച്ചുള്ള ഒരു പാഠം (ലൂക്കൊ. 14:7–11).
   b. നിസ്വാർത്ഥതയെക്കുറിച്ചുള്ള പാഠം (ലൂക്കൊ.14:12–14).
   c. വലിയ വിരുന്നിന്റെ ഉപമ (ലൂക്കൊ.14:16–24).
4. യേശുവിനെ പുരുഷാരം അനുഗമിക്കുന്നതും – ഒരു പ്രധാന പാഠവും (ലൂക്കൊ. 14:25–35).
5. ചുങ്കക്കാരും പാപികളും യേശുവിനെ അനുഗമിക്കുന്നതും (ലൂക്കൊ.15:1–32) – സ്പർശിക്കുന്ന സംഭവങ്ങൾ പഠിപ്പിക്കുന്ന ഒരു പാഠവും:
   a. കാണാതെ പോയ ആടിന്റെ ഉപമ (ലൂക്കൊ.15:3–7).
   b. കാണാതെപോയ ദ്രവ്യം (ലൂക്കൊ.15:8–10).
   c. കാണാതെ പോയ മകൻ (ലൂക്കൊ.15:11–32).
6. തന്റെ ശിഷ്യന്മാർ യേശുവിനെ അനുഗമിക്കുകയും – അനീതിയുള്ള കാര്യവിചാരകന്റെ ഉപമയിൽനിന്നു നല്ലൊരു പാഠവും (ലൂക്കൊ. 16:1–13).
7. പരീശന്മാർ യേശുവിനെ സൂക്ഷിക്കുന്നതും – ധനവാന്റേയും ലാസറിന്റേയും "ഉപമയിൽ" സ്പർശിക്കുന്ന പാഠവും.

**മുഖവുര**

"എനിക്ക് ഒരു കഥ പറഞ്ഞു താ" എന്നു കേട്ടിട്ടില്ലാത്ത രക്ഷകർത്താവ് ഏതാണ്? കുറച്ച് ആഴ്ച്ചകൾക്ക് മുൻപാണെന്നു തോന്നുന്നു എന്റെ പെൺമക്കൾ എന്നോട് "ഞങ്ങൾക്ക് ഒരു കഥ പറഞ്ഞു താ ഡാഡി എന്നു പറയുകയുണ്ടായി." ഞാൻ കഴിഞ്ഞ തവണ എന്റെ കൊച്ചുമകൾ റേച്ചലുമൊത്തായിരുന്നപ്പോൾ, അവൾ എന്റെ മടിയിൽ കയറിയിരുന്ന്, "എനിക്ക്, ഒരു കഥ പറഞ്ഞുതാ പോപ്പി" എന്ന് അപേക്ഷിച്ചു.

നമ്മിൽ മിക്കപേർക്കും കഥ ഇഷ്ടമാണ്. യേശുവിനു അവരോട് പറയുവാനും ഇഷ്ടമായിരുന്നു. ഏറ്റവും–നന്നായി ഓർമ്മിക്കുന്നതും ഏറ്റവും–ന

ന്നായി സ്നേഹിക്കുന്നതുമായ ചില ഉപദേശങ്ങൾ കഥാരൂപത്തിലുള്ളതായിരുന്നു. ആ കഥകളെ നാം "ഉപമകൾ" എന്നു വിളിക്കുന്നു.[1] "ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ട ചില ഉപമകൾ"[2] യേശു പറഞ്ഞത് തന്റെ പെരയ ശുശ്രൂഷക്കിടയിലാണ്.[3] ഈ പാഠത്തിലുള്ള ഉപമകൾ പ്രസക്തമായ പ്രായോഗികതയുള്ളതാണ്. മിക്ക ഉപമകളും അതുമായി ബന്ധപ്പെട്ട ഉപദേശങ്ങളും, നേരിട്ടോ അല്ലെങ്കിൽ പരോക്ഷമായോ പരീശന്മാർക്കുള്ളതായിരുന്നു (ലൂക്കൊസ് 14:1; 15:2; 16:14 നോക്കുക).

യേശുവിനു, ഏതുവിഷയം എടുത്തും, പ്രധാനപ്പെട്ട സന്ദേശം ഉൾക്കൊള്ളുന്ന ഒരു കഥ പറയുവാൻ കഴിയും. ഈ പാഠത്തിൽ, വലിയ വിരുന്ന്, ആടുകളും ദ്രവ്യവും, കുടുംബജീവിതം, വ്യാപാര ഇടപാടുകൾ, മരണാനന്തര ജീവിതത്തെ കുറിച്ചുപോലും അവൻ കഥ പറയുന്നതു നമുക്ക് കാണാം.

## വിരുന്നിൽ എങ്ങനെ പെരുമാറണം എന്നുള്ള കഥ എന്നോട് പറയുക (ലൂക്കൊ.14:1-24)

ഗലീലിയിലെ ഒരു പരീശനുമൊത്തും (ലൂക്കൊസ് 7:36–50) യെഹൂദ്യയിലെ ഒരു പരീശനുമൊത്തും യേശു ഭക്ഷിക്കയുണ്ടായി (ലൂക്കൊസ് 11:37 –54). ഇപ്പോൾ പെരയയിലെ ഒരു പരീശനുമൊത്ത് ഭക്ഷിക്കുവാൻ യേശുവിനെ ക്ഷണിച്ചിരിക്കുകയാണ്[4] (ലൂക്കൊസ്14:1, 12). അത്തരം ക്ഷണവും അതു സ്വീകരിക്കുന്നതും അവസാനമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.[5]

പരീശന്മാരുടെ വീടുകളിൽനിന്ന് യേശുവിനുണ്ടായ മുന്നനുഭവം വെച്ച് ആഥിയേരിൽനിന്നു പ്രതീക്ഷിക്കാവുന്നതെന്തെന്ന്, നമുക്ക് ഊഹിക്കാവുന്നതാണ്. ഈ പ്രാവശ്യം നമുക്ക് ഊഹിക്കേണ്ട ആവശ്യമില്ല. ലൂക്കൊസ് എഴുതി, "പരീശപ്രമാണികളിൽ ഒരുത്തന്റെ വീട്ടിൽ അവൻ ഭക്ഷണം കഴിപ്പാൻ ശബ്ബത്തിൽ ചെന്നപ്പോൾ, അവർ അവനെ ഒറ്റു നോക്കിക്കൊണ്ടിരുന്നു" (ലൂക്കൊസ് 14:1; ലൂക്കൊസ് 11:53, 54 നോക്കുക). അവൻ ശബ്ബത്തിൽ അവരുടെ പാരമ്പര്യത്തെ ലംഘിക്കുമോ എന്ന് അവർ അവനെ സൂക്ഷ്മതയോടെ നോക്കിയിരുന്നു.

ഭക്ഷണത്തിനു വന്നവരിൽ "മഹോദരം ബാധിച്ച" ഒരു മനുഷ്യനുമുണ്ടായിരുന്നു (ലൂക്കൊസ് 14:2) ശരീരത്തിൽ വെള്ളം സൂക്ഷിക്കുന്ന ഒരു രോഗമാണ് "മഹോദരം."[6] ഹൃദയാഘാത ലക്ഷണങ്ങളിൽ ഒന്നാണിത്.[7] യേശു ശബ്ബത്തിൽ സൗഖ്യമാക്കുമോ എന്ന് പരീക്ഷിക്കേണ്ടതിനായിരുന്നു ആ വൈകല്യമുള്ളയാളെ അവർ കൊണ്ടുവന്നത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

ആ മനുഷ്യനെ സൗഖ്യമാക്കുകമാത്രമല്ല ക്രിസ്തു ചെയ്തത്, അവൻ തന്റെ ശത്രുക്കളെ വിസ്മയിപ്പിക്കുയും, വെല്ലുവിളിക്കുകയും ചെയ്തു, "ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ, അല്ലയോ?" (വാ.3; മർക്കൊസ് 3:4 നോക്കുക). അവൻ മുൻപ് ഉപയോഗിച്ച വാദം തന്നെ ഇപ്പോഴും ഉപയോഗിച്ചു (മത്തായി 12:11). ശബ്ബത്ത് ദിവസം ഒരു കുട്ടിയൊ[8] അല്ലെങ്കിൽ ഒരു മൃഗമോ[9] കിണറ്റിൽ വീണാൽ കയറ്റുന്നത് ശരിയോ എന്നായിരുന്നു അവന്റെ വിവേചനം (വാ.5). അവന്റെ വാദഗതിയെ ഇങ്ങനെ പറയാം: "നിങ്ങളുടെ മക്കളെ ശബ്ബത്തിൽ വെള്ളത്തിൽനിന്ന് (കിണർ) കയറ്റുന്നത് ശരിയാണെങ്കിൽ ദൈവത്തിന്റെ മക്കളിൽ ഒരാളുടെ വെള്ളം (മഹോദരം) നീക്കുന്നത്

ശരിയല്ലയോ?'' വാക്ക്യം 4 പറയുന്നു, "അവർക്ക് പ്രത്യുത്തരം പറവാൻ കഴിഞ്ഞില്ല. അവൻ അവനെ തൊട്ട് സൗഖ്യമാക്കി വിട്ടയച്ചു."

**വാസ്തവത്തിൽ താഴ്മയുള്ളവരായിരിപ്പിൻ (14:7-11)**

അവസരം ഉപയോഗിച്ച് യേശു സമയോചിതമായി പല പാഠങ്ങളും ഉപയോഗിച്ചു. എല്ലാം വിരുന്നിന്റെ വിഷയത്തെ ആസ്പദമാക്കിയായിരുന്നു. ആതിഥേയന്റെ ഏറ്റവും അടുത്തുള്ള സ്ഥാനം അതിഥികൾ അന്വേഷിക്കുന്നത് അവൻ കണ്ടു (വാ.7; മത്തായി 20:21; 23:6).[10] വളരെ താഴ്ന്ന സ്ഥാനം തിരഞ്ഞെടുക്കുന്നതിലെ ബുദ്ധി അവൻ പറയുകയുണ്ടായി (വാ.8–10). അതിനെ "ഒരു ഉപമ" എന്ന് വിളിച്ചു (വാ.7). കാരണം ജീവിതത്തിന്റെ എല്ലാ വശങ്ങളിലും അത് പ്രായോഗികമാക്കുവാൻ കർത്താവ് ആഗ്രഹിച്ചു. "തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴത്തുന്നവനെല്ലാം ഉയർത്തപ്പെടും" (വാ.11; ലൂക്കൊസ് 18:14; മത്തായി 23:12 നോക്കുക).

**വാസ്തവത്തിൽ അതിഥി പ്രിയരാകുവിൻ (14:12-14)**

ക്രിസ്തു ആതിഥേയനോട് തിരിഞ്ഞുപറഞ്ഞു വിരുന്നിന് ആളുകളെ ക്ഷണിക്കുമ്പോൾ, കഴിവുള്ളവരേയോ, തിരിച്ച് ലഭിക്കും എന്നു വിചാരിക്കുന്നവരെയോ ക്ഷണിക്കരുത് (വാ.12). അവൻ ആ മനുഷ്യനോട് പറഞ്ഞു, ''നീ വിരുന്ന് കഴിക്കുമ്പോൾ, ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്ക" (വാ.13, 14).[11] ഈ വാക്കുകളാൽ, കർത്താവ് ആതിഥേയനെ മാത്രമല്ല ഉദ്ദേശിച്ചത് നമ്മെ എല്ലാവരേയും കൂടെയാണ്. കാരണം നാം "ക്ഷണിക്കുന്നത്" നമ്മുടെ സ്നേഹിതന്മാരേയും, നമുക്ക് "തുല്യമായവരേയും" ആണ് (മത്തായി 5:46, 47; ലൂക്കൊസ് 6:32, 33).

**വാസ്തവത്തിൽ അനുസരണമുള്ളവരാകുവിൻ (14:15-24)**

"നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ" വാസ്തവത്തിൽ അതിഥി പ്രിയരായവർക്ക് പതിഫലം ലഭിക്കുമെന്ന് യേശുപറഞ്ഞു[12] (വാ.14). വരുവാനിരിക്കുന്ന മശിഹാരാജ്യത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് അതിഥികളിൽ ഒരാൾ വിചാരിച്ചു,[13] പറഞ്ഞു, "ദൈവരാജ്യത്തിൽ ഭക്ഷണത്തിന് ഇരിക്കുന്നവൻ ഭാഗ്യവാൻ!'' (വാ.15). വലിയ ഒരു വിരുന്നിന്റെ ഉപമ പറഞ്ഞ് കൊണ്ടാണ് ക്രിസ്തു അതിനോട് പ്രതികരിച്ചത്[14] വിരുന്നിന് ക്ഷണിച്ചവർ വരാതിരിക്കുന്നതിനുള്ള ഒഴികഴിവുകൾ പറഞ്ഞു (വാ.16–21). കോപിച്ച ആതിഥേയൻ യോഗ്യത കുറഞ്ഞ ആളുകളെ വിരുന്നിന് ക്ഷണിക്കുവാൻ തന്റെ ദാസന്മാരെ അയച്ചു[15] (വാ.21–23; വാക്യം.13 മായി താരതമ്യം ചെയ്യുക).

ഈ ഉപമയിൽനിന്ന് പലപാഠങ്ങളും എടുക്കുവാൻ കഴിയും, എന്നാൽ കർത്താവിന്റെ മുഖ്യമായ ഉദ്ദേശം എന്തെന്ന് വാക്യം 24–ൽ കാണാം. യജമാനൻ ദാസനോട് പറഞ്ഞു, ''ആ ക്ഷണിച്ച പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വദിക്കയില്ല" സന്ദർഭത്തിൽ അതിന്റെ അർത്ഥം, "'ദൈവരാജ്യത്തിൽ അപ്പം' തിന്നുമെന്ന് നിങ്ങൾ *വിചാരിക്കുന്ന* പലരും തിന്നുകയില്ല!" അവർ ദൈവത്തിന്റെ ക്ഷണം നിരസിച്ചവർ ആയിരുന്നു. പ്രത്യേകിച്ച്, അവന്റെ പുത്രന്റെ രാജ്യത്തിലാകുവാനുള്ള ക്ഷണത്തോട് അവർ ചെവി അടച്ചുകളഞ്ഞു. യേശുവിനെ ദൈവപുത്രനായി അവർ സ്വീകരിച്ചില്ല.

ഉപമയിൽ നമുക്കെല്ലാവർക്കുമായി ഒരു പാഠമുണ്ട് (മത്തായി 11:28), ഒഴി

കഴിവുകൾ പറയരുത്, അവന്റെ സ്നേഹത്തോട് ഉടനെ പ്രതികരിക്കുക! അപ്പോൾ, അപ്പോൾമാത്രം, നിങ്ങൾക്ക് അവന്റെ ആത്മീയവിരുന്ന് ആസ്വദിക്കുവവാനുള്ള പ്രത്യാശ ലഭിക്കും (വെളിപ്പാട് 3:20).

### എങ്ങനെ വീടുകൾ പണിയണമെന്നും യുദ്ധം ചെയ്യണമെന്നുമുള്ള കഥ എന്നോട് പറയുക (ലൂക്കൊ. 14:25-35)

അവന്റെ ഗലീല ശുശ്രൂഷയുടെ ആരംഭത്തിൽ പുരുഷാരം യേശുവിനെ അനുഗമിച്ചിരുന്നു (മത്തായി 4:25). "ഇപ്പോൾ ഏറിയ പുരുഷാരം അവനോട് കൂടെ പെരയയിൽ പൊയ്ക്കൊണ്ടിരിക്കുന്നു" (ലുക്കൊസ് 14:25). മശിഹയിലുള്ള ആവേശം തുടർന്നുകൊണ്ടിരുന്നു.[16] ഈ താൽപര്യം ഉള്ളവർക്ക് ആവശ്യമായ ഊന്നൽ കർത്താവ് കണ്ടു, എന്നാൽ ചപലകളായിരുന്ന പുരുഷാരത്തിന് അവന്റെ ശിഷ്യന്മാരാകുന്നതിനുള്ള വില മനസിലാക്കേണ്ടിയിരുന്നു (വാ.26, 27).[17]

"വില കണക്കാക്കുന്നതിനെ" കുറിച്ച് രണ്ട് ചിത്രീകരണങ്ങൾ അവൻ നൽകി: ഒരു കെട്ടിടം പണി ആരംഭിക്കുന്നതിന് മുമ്പ് അതിന്റെ ചെലവ് കണക്കാക്കേണ്ടതുണ്ട് (വാ.28–30). യുദ്ധത്തിന് പോകുന്നതിന് മുമ്പ് അതിനു വേണ്ട ചെലവ് കണക്കാക്കുകയും വേണം[18] (വാ.31, 32). പിന്നീട് അവൻ ശിഷ്യത്വത്തിന്റെ വിലക്ക് വീണ്ടും–ഊന്നൽ നൽകുകയുണ്ടായി (വാ.33),[19] പിന്നെ അവൻ "ഉപ്പിന്റെ" ചിത്രീകരണം ആവർത്തിക്കയുണ്ടായി. അവർ അവനെ അനുഗമിക്കുന്നത് നന്നായിരുന്നു, എന്നാൽ ആവശ്യമായ ത്യാഗങ്ങൾ സഹിക്കുവാൻ തയ്യാറാകാതിരിക്കുമ്പോൾ, കാരം നഷ്ടപ്പെട്ട ഉപ്പു പോലെ – അവർ വിലയില്ലാത്തവരായി തീരുന്നു (വാ.34, 35 മത്തായി 5:13; മർക്കൊസ് 9:50).

### കാണാതെപോയ ആടിന്റേയും ദ്രവ്യത്തിന്റെയും ബാലന്മാരുടേയും കഥകൾ എനിക്ക് പറഞ്ഞുതരിക (ലൂക്കോ.15:1-32)

യേശുവിനെ ശ്രദ്ധിച്ചിരുന്നവരിൽ "ചുങ്കക്കാരും ... പാപികളും ഉണ്ടായിരുന്നു" (വാ.1; ലൂക്കൊസ് 7:34 നോക്കുക). എല്ലാവരും പാപികൾ ആയതുകൊണ്ട് "പാപികൾ" എന്ന് പ്രത്യേകം പറഞ്ഞത് നിങ്ങളെ ആമ്പരപ്പിച്ചേക്കാം (റോമർ 3:23), എന്നാൽ ലോകത്തിലുള്ളവരും പ്രത്യേകിച്ച് പരീശന്മാരും പാപികളായി കണ്ടിരുന്നവർ ആയിരുന്നു.

സമൂഹം വേർതിരിച്ച് നിർത്തിയവരിൽനിന്ന് യേശു പിന്മാറി നിന്നില്ല, പക്ഷെ അവൻ അവരോടൊത്തു ഭക്ഷണം കഴിക്കുകപോലും ചെയ്തു (മത്തായി 9:10, 11 നോക്കുക).[20] ഇതു കണ്ട് പരീശന്മാരും ശാസ്ത്രിമാരും പിറുപിറുത്തു, "ഈ മനുഷ്യൻ പാപികളോടും ചുങ്കക്കാരോടും കൂടെ ഭക്ഷിക്കുന്നു" (ലൂക്കൊസ് 15:2). കഠിനഹൃദയരായ അവരുടെ പരാതികൾ യേശുവിനെ പ്രകോപിതനാക്കുകയും ഏറ്റവും–നന്നായി അറിയപ്പെടുന്ന ഉപമകൾ ആ സമയത്ത് അവൻ പറയുകയും ചെയ്തു: നഷ്ടപ്പെട്ടവയെ കുറിച്ച് മൂന്ന് സംഭവകഥകൾ അവൻ പറഞ്ഞു.

### കാണാതാകുകയും കണ്ടെത്തുകയും ചെയ്തു (15:1-24)

ഒരു ഇടയനു തന്റെ ആടിനെ കാണാതാകുകയും പിന്നെ കണ്ടെത്തിയ

തിൽ സന്തോഷിക്കുകയും ചെയ്തതാണ് അടുത്ത കഥ (വാ.3–6).[21] അവൻ പറഞ്ഞു, "അങ്ങനെ തന്നെ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരേക്കുറിച്ച് ഉള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന[22] ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും" (വാ.7). ഒരു സ്ത്രീയുടെ ദ്രവ്യം കാണാതെപോകുകയും കണ്ടെത്തിയപ്പോൾ ആഘോഷിച്ചതായും പറയുന്നു (വാ.8, 9).[23] "അങ്ങനെ തന്നെ" അവൻ പറഞ്ഞു, "മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും" (വാ.10). പിന്നെ അവൻ "മുടിയനായ പുത്രന്റെ" ഉപമ പറഞ്ഞു.[24] ഈ പ്രിയപ്പെട്ട കഥയെ കുറിച്ച്, ജോൺ എഫ്.കാർട്ടർ എഴുതി,

> പാപത്തിൽ–അകപ്പെട്ട് നിരാശയുടെ വക്കിലായ ആയിരക്കണക്കിനു ആളുകളെ ദൈവത്തിലേക്ക് മടക്കിവരുത്തുവാൻ ഇതു പ്രചോദിപ്പിക്കുകയും, അവർ അങ്ങനെ ചെയ്തതുകൊണ്ട് പാപമോചനവും ദൈവം സ്വീകരിക്കുന്നതും തിരിച്ചറിയുകമാത്രമല്ല, ജീവിതവിജയത്തിന്റെ ശക്തി അവർ ആസ്വദിക്കയും ചെയ്തു.[25]

മുടിയനായ പുത്രൻ അവസാനം മടങ്ങി വന്നപ്പോൾ വലിയ സന്തോഷമുണ്ടായി (വാ.24).

**നഷ്ടമായപ്പോൾ മുഖം വാടി (15:25-32)**

മുടിയനായ പുത്രന്റെ കഥ പറയുമ്പോൾ നാം പലപ്പോഴും മടങ്ങി വന്ന് സന്തോഷിക്കുന്നതോടെ അവസാനിപ്പിക്കും; അതു കഥയുടെ ഉച്ചസ്ഥാനത്തേക്ക് നമ്മെ എത്തിക്കും. എങ്ങനെ ആയാലും, യേശു അവിടെ നിർത്തിയില്ല. അപ്പൻ സന്തോഷിക്കുമ്പോൾ, മൂത്ത മകൻ നീരസപ്പെടുന്നു എന്ന വ്യത്യാസമാണ് ഇവിടത്തെ മുഖ്യപോയിന്റ് (വാ.25–30).[26] മൂത്ത മകൻ പരീശന്മാരെ പ്രതിനിധീകരിക്കുന്നു – മറ്റുള്ളവർ ക്രിസ്തുവിലേക്ക് മടങ്ങിവരുമ്പോൾ കരുതാത്തവരെയും സന്തോഷിക്കാത്തവരെയും പ്രതിനിധീകരിക്കുന്നു. നമുക്ക് ഉണ്ടാകേണ്ട മനോഭാവം പിതാവ് മൂത്ത മകനോട് പറഞ്ഞ വാക്കുകളിലുണ്ട്: "നാം സന്തോഷിക്കുകയും ആഘോഷിക്കുകയും വേണം" കാരണം, "അവൻ മരിച്ചവനായിരുന്നു, ഇപ്പോൾ ജീവിക്കുന്നു; കാണാതെ പോയിരുന്നു, ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു" (വാ.32).

## പണം എങ്ങനെ ഉപയോഗിക്കണമെന്നതിനെ കുറിച്ച് ഒരു കഥ പറയുക (ലൂക്കൊ.16:1-13)

**അനീതിയുള്ള കാര്യവിചാരകൻ (16:1-9)**

അടുത്തതായി, യേശു ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ് (വാ.1) സത്യസന്ധമല്ലാതെ വ്യാപാരം കൈകാര്യം ചെയ്ത ഒരു മാനേജരെ കുറിച്ച് അവരോട് പറഞ്ഞു.[27] "മാനേജർ" എന്നതിനു പകരം മൂല ഗ്രന്ഥത്തിൽ "കാര്യവിചാരകൻ" എന്നാണ്. മറ്റൊരാൾക്കുള്ളത് കൈകാര്യം ചെയ്യുന്നവനാണ് കാര്യവിചാരകൻ (ലൂക്കൊസ് 12:41–48; 1കൊരിന്ത്യർ 4:2).

ക്രിസ്തു ആ കാര്യവിചാരകന്റെ കഥ പറഞ്ഞപ്പോൾ അതു കൂടുതൽ

അസാധാരണമായ ഉപമയായിരുന്നു. ഉപരിതലത്തിൽ, എന്തും ചെയ്യുവാൻ മടിക്കാത്ത വാഴ്ത്തലായി തോന്നിയേക്കാം.[28] ആ വ്യവസായ മാനേജർ തന്നെ ഏൽപ്പിച്ച പണം അവൻ ദുർവിനിയോഗം ചെയ്യുകയും (വാ.1) അവനെ ജോലിയിൽനിന്നു നീക്കം ചെയ്യുവാനിരിക്കുകയുമാണ് (വാ.2).[29] ഉടനെ അവൻ കടം കൊടുത്തിരിക്കുന്നവരെയെല്ലാം വിളിച്ച് അവർ കടപ്പെട്ടിരിക്കുന്ന സംഖ്യ അവർക്ക് ഇളച്ചുകൊടുത്തു (വാ.5–7) അങ്ങനെ അവന്റെ ജോലി പോയാലും അവരുടെ സ്നേഹബന്ധം നിലനിർത്താമെന്ന് അവൻ കരുതി (വാ.4). അവന്റെ മുൻ–യജമാനനായി മാറുവാനിരിക്കുന്ന ആൾ അവന്റെ കുശാഗ്രബുദ്ധിയെ അനുമോദിച്ചു (വാ.8).[30]

മോശമായ കാര്യവിചാരണയെയും സത്യസന്ധതയില്ലായ്മയെയും യേശു അനുമോദിക്കയായിരുന്നോ? ഒരിക്കലുമല്ല (16:17 നോക്കുക). അവൻ പറയുന്ന പോയിന്റ് വാക്യം 8 ന്റെ അവസാനഭാഗത്ത് കാണാം: "വെളിച്ച മക്കളേക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലൊ." മറ്റൊരു വിധത്തിൽ പറഞ്ഞാൽ: ദൈവമക്കൾക്ക് തങ്ങളുടെ പണം ദൈവികമായി ഉപയോഗിക്കുവാൻ അറിയുന്നതിനേക്കാൾ, ദൈവഭക്തിയില്ലാത്തവർക്ക് അവരുടെ പണം അഭക്തമായ കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുവാൻ നന്നായി അറിയാം.

ആത്മാർത്ഥതയില്ലാതിരുന്ന കാര്യവിചാരകൻ പണംകൊണ്ട് സ്നേഹിതന്മാരെ ഉണ്ടാക്കി. അതുപോലെ ക്രിസ്തു പറഞ്ഞു, "... അനീതിയുള്ള മാമോനെക്കൊണ്ട് നിങ്ങൾക്ക് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ,[31] അത് ഇല്ലാതെയാകുമ്പോൾ അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവാൻ ഇടയാകും" (വാ.9). അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ നാം നമ്മുടെ സമ്പാദ്യങ്ങളെ ഉപയോഗിച്ച് "സ്നേഹിതന്മാരെ ഉണ്ടാക്കുക." യേശുവിനെ സംബന്ധിച്ച്, മറ്റുള്ളവർക്കു നൽകുന്നത് സ്വർഗ്ഗീയ നിക്ഷേപവും, ഭൂമിയിൽ നാം സഹായിച്ചവർ നമ്മെ ഊഷ്മളമായി സ്വാഗതം ചെയ്യുന്നതുമാണ്. ഇവിടത്തെ പാഠം, ലൂക്കൊസ് 12:33 ലേതു തന്നെയാണ്: "നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷ കൊടുപ്പിൻ; എന്നാൽ നിങ്ങൾക്ക് സ്വർഗത്തിൽ പഴകിപ്പോകാത്ത നിക്ഷേപം ഉണ്ടാകും."[32]

**നീതിയുള്ള കാര്യവിചാരകൻ (16:10-13)**

നല്ല കാര്യവിചാരകന്മാരുകുവാൻ, പ്രത്യേകിച്ച് പണത്തെ സംബന്ധിച്ച് പൊതുവായ പ്രബോധനത്തോടെ ക്രിസ്തു ആ ഉപമ ദൃഢീകരിക്കുകയായിരുന്നു (വാ.10–12). പണം നമ്മുടെ യജമാനനാകാതിരിക്കുന്നതിനുള്ള മുന്നറിയിപ്പും അവൻ നല്കുന്നുണ്ട് (വാ.13; മത്തായി 6:24 നോക്കുക). അവനു ഉപമ ആമുഖമായും പിന്നെ ''പരീശന്മാരുടെ പുളിച്ചമാവ് സൂക്ഷിച്ചുകൊൾവിൻ'' എന്ന പിൻ–തുടർച്ചാ ഉപദേശവും നല്കാമായിരുന്നു (ലൂക്കൊസ് 12:1), കാരണം "പരീശന്മാർ ... ദ്രവ്യാഗ്രഹികളായിരുന്നു" (ലൂക്കൊസ് 16:14). ദൈവത്തിന്റെ അംഗീകാരത്തിന്റെ തർക്കമറ്റ തെളിവാണ് സമ്പത്തെന്ന് അവർ കരുതിയിരുന്നു.

### "നരകം" എങ്ങനെ ഒഴിവാക്കാമെന്നതിനെ കുറിച്ചുള്ള ഒരു കഥ പറയുക (ലൂക്കൊസ് 16:14-31)

യേശുവിന് തീർച്ചയായും ലോകത്തിൽ പണമത്ര പ്രാധാന്യമുള്ള ഒന്നായിരുന്നില്ല. "ഇതൊക്കേയും," ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ട് അവനെ പരിഹസിച്ചു (വാ.14).[33] എൻഎഎസ്ബി പറയുന്നത് അവൻ അവരെ "നിന്ദിച്ചു" എന്നാണ്. എൻഐവി പറയുന്നത് അവൻ അവരെ "പുഛിച്ചു" എന്നാണ്. പുരുഷാരം കാൺകെ അവർ യേശുവിനെ അപകീർത്തിപ്പെടുത്തുവാൻ ശ്രമിച്ചു.

**വെറുപ്പോടുകൂടിയ ധനവാൻ (16:15-18)**

പരീശന്മാരോട് ക്രിസ്തു കർക്കശമായ താക്കീതോടുകൂടിയാണ് പ്രതികരിച്ചത്:[34]

- അവർ തങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പാകെ ന്യായീകരിച്ചത് കൊണ്ടാണ് അവൻ അവരെ ശാസിച്ചത് (വാ.15).
- അവർ തങ്ങളുടെ മനുഷ്യ–നിർമിത കൽപ്പനകളും നിയമാവലികളും ദൈവരാജ്യത്തിലേക്ക് "നിർബന്ധമായി" കൊണ്ടുവരാൻ ശ്രമിച്ചതുകൊണ്ട് അവൻ അവരെ ശാസിച്ചു (വാ.16).[35]
- അവർ നശിപ്പിക്കുവാൻ ആകാത്ത ദൈവവചനത്തേക്കാൾ ഇല്ലാതാകുന്ന മനുഷ്യരുടെ സമ്പ്രദായത്തെക്കുറിച്ച് അധികം കരുതിയതുകൊണ്ട് അവൻ അവരെ ശാസിച്ചു (വാ.17, 18).[36]

**പാതാളത്തിലുള്ള ധനവാൻ (16:19-31)**

അവന്റെ കർക്കശമായ താക്കീതിനെത്തുടർന്ന് ക്രിസ്തു മറ്റൊരു കഥ പറഞ്ഞു. സത്യസന്ധതയില്ലാത്ത കാര്യവിചാരകനെക്കുറിച്ചുള്ള ഉപമ ദ്രവ്യാ–ഗ്രഹികളെ അലോസരപ്പെടുത്തിയെങ്കിൽ ഈ ചിത്രീകരണം അവരെ ഇരട്ടി അലോസരപ്പെടുത്തിയിരിക്കണം. അത് നഷ്ടപ്പെട്ട *ഒരു ധനവാനെ*ക്കുറിച്ചുള്ളതായിരുന്നു.

ലൂക്കൊസ് 16:19–31 നെ സാധാരണ "ധനവാനായ മനുഷ്യന്റെ ഉപമ,"[37] എന്നാണ് വിളിക്കുന്നത്. കാര്യവിചാരക പരിശോധനയിൽ പരാജയപ്പെട്ട ധനവാനായ ഒരു മനുഷ്യന്റെ കഥയാണ് അത്. ഒരു ഭിക്ഷക്കാരനായിരുന്ന ലാസറിനെ സഹായിക്കുവാനുള്ള അവസരം അവൻ ഉപയോഗിച്ചില്ല.[38] ആ ഭിക്ഷക്കാരൻ മരിച്ചപ്പോൾ, ദൂതന്മാർ അവനെ "അബ്രഹാമിന്റെ മടിയിലേക്ക്" കൊണ്ടുപോയി (വാ.22); എന്നാൽ ധനവാൻ മരിച്ചപ്പോൾ, അവനെ "യാതനാസ്ഥലത്ത് കാണപ്പെട്ടു" (വാ.23).

ഭൂമിയിൽ ജീവിച്ചിരിക്കുന്ന തന്റെ അഞ്ച് സഹോദരന്മാരുടെ അടുക്കലേക്ക് ലാസറിനെ അയക്കണമെന്ന് അപേക്ഷിച്ചു, എന്നാൽ അവനോട് പറഞ്ഞു, "അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ ..."; "അവർ മോശയുടേയും പ്രവാചകന്മാരുടേയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല" (വാ.29, 31). ആ വാക്കുകൾ പരീശന്മാർക്ക് പ്രത്യേക പ്രായോഗികത ഉള്ളതായിരുന്നു: അവർക്ക് യേശുവിനെ സാക്ഷ്യപ്പെടുത്തുന്ന മോശയുടേയും പ്രവാചകന്മാരുടേയും

എഴുത്തുകൾ ഉണ്ടായിരുന്നു (ലൂക്കൊസ് 24:44), എന്നാൽ അവർ അവരെ കേൾക്കുവാൻ കൂട്ടാക്കിയിരുന്നില്ല അതുകൊണ്ട് യേശു മരിച്ചവരെ ഉയർപ്പിച്ചിട്ടുപോലും അവരെ പ്രചോദിപ്പിച്ചില്ല (ലൂക്കൊസ് 7:11–17; 8:41–56; യോഹന്നാൻ 11:1–53; 12:9–11). വാസ്തവത്തിൽ, യേശുതന്നെ പിന്നീട് മരിച്ചവരിൽ നിന്ന് നേരിട്ട് ഉയർത്തെഴുന്നേറ്റ് വന്നിട്ട് പോലും അവർക്ക് സ്വീകാര്യമായിരുന്നില്ല (മത്തായി 28:11–15; പ്രവൃത്തികൾ 4:1–22).

ലൂക്കൊസ് 16:19–31ലെ സൂചനകൾ ഇഷ്ടപ്പെടാത്ത ചിലർ,[39] "ഉപമ" എന്ന് വാക്കിൽ നിർത്തി അത് ഒരു ചെറിയ കെട്ടുകഥയാണെന്ന് പഠിപ്പിക്കുന്നു. ഈ വസ്തുതകൾ മനസ്സിൽ വെക്കുക:

(1) ഈ കഥയെ ബൈബിൾ ഒരു ഉപമ എന്ന് വിളിക്കുന്നില്ല, ഇതിൽ മാത്രമാണ് മുഖ്യ കഥാപാത്രത്തിന്റെ പേർ (ലാസർ) നല്കുന്നത്. കൂടാതെ, അത് ഒരു ഉപമയാണെങ്കിൽ സാധാരണ ശ്രോതാക്കൾക്ക് പരിചയമുള്ള സാഹചര്യങ്ങളെ അടിസ്ഥാനമാക്കാത്ത ചിലതിൽ ഒന്നാണിത്. തീർച്ചയായും, നാം ഊന്നൽകൊടുത്തിരിക്കുന്നതുപോലെ, "ഉപമ" എന്ന വാക്ക് സുവിശേഷ വിവരണങ്ങളിലും പലപ്പോഴായി ഉപയോഗിച്ചിട്ടുണ്ട്; അത് ചിലപ്പോൾ "ചിത്രീകരണം" എന്നതിനെക്കാൾ കൂടുതൽ അർത്ഥം നൽകുന്നു (ഈ പാഠത്തിലെ ലൂക്കൊസ് 14:7–10 നോക്കുക). അതുകൊണ്ട്, ധനവാന്റെയും ലാസറിന്റെയും സംഭവത്തെ "ഉപമ" എന്ന് വിളിച്ചാൽ അത് കർത്താവ് പറഞ്ഞതല്ല എന്ന് വിചാരിക്കുന്നേടത്തോളം തെറ്റില്ല.

(2) നാം ആ സംഭവത്തെ ഒരു "ഉപമ" എന്ന് വിളിച്ചാൽപോലും അതു "വിചിത്രം" ആകുകയില്ല. ജെ. ഡബ്ളിയു മെക്ക്ഗാർവേ പറഞ്ഞു, "എന്നാൽ യേശുവിന്റെ ഉപമകളെ നാം ഒരിക്കലും കെട്ടിച്ചമച്ച രീതികളിൽ അവതരിപ്പിക്കുകയോ, അല്ലെങ്കിൽ അവ ഏതെങ്കിലും വിധത്തിൽ പ്രകൃതി വിരുദ്ധമോ ആയി ഉപയോഗിക്കരുത്."[40] മരണാനന്തരം ആത്മാവിന്റെ അവസ്ഥയെ വരച്ച് കാണിക്കുന്നതാണ് ലൂക്കൊസ് 16:19–31 എന്നകാര്യത്തിൽ സംശയിക്കേണ്ടതേയില്ല: നഷ്ടപ്പെട്ടവർക്കുള്ള ശപിക്കപ്പെട്ട സ്ഥാനവും രക്ഷിക്കപ്പെട്ടവർക്കുള്ള അനുഗ്രഹീത സ്ഥാനവുമാണത്. അവൻ മുമ്പുണ്ടായിരുന്നവൻ ആയതുകൊണ്ട് യോഹന്നാൻ 1:1, 2, 14), "മരണശേഷമുള്ള ആളുകളുടെ അനുഭവത്തെക്കുറിച്ച് വിവരിപ്പാൻ യേശുവിന് മാത്രമേ കഴിയു."[41]

**ഉപസംഹാരം**

ഈ പാഠങ്ങളെ നാം വ്യക്തിപരമായി പ്രയോഗിക്കയാണെങ്കിൽ, അവയ്ക്ക് നമ്മുടെ ജീവിതത്തിൽ പ്രായോഗിക ഫലങ്ങൾ ഉളവാക്കാൻ കഴിയും. ഉദാഹരണത്തിന്, മുമ്പ് നാം വീട്ടിലേക്ക് ക്ഷണിക്കണമെന്ന് വിചാരിക്കാത്തവരെ, അത് അന്യോന്യം കരുതാത്തവരാണെങ്കിലും ക്ഷണിക്കുക. നാം നമ്മോട് തന്നെ ചോദിക്കുക, "ഞാൻ യേശുവിനെപ്പോലെ പാപികളുടെ സ്നേഹിതനാണോ" ഒരുപക്ഷേ ഈ ആഴ്ചയിൽത്തന്നെ അങ്ങനെയുള്ള ആരെയെങ്കിലും നമുക്ക് തിരഞ്ഞെടുക്കാം.[42] ഒന്നുമില്ലെങ്കിലും, ആ ലളിതമായ ക്ഷണത്തെക്കുറിച്ചുള്ള ഉപമ (ലൂക്കൊസ് 14:16–24) നമ്മോട് ചോദിക്കണം, "ഞാൻ കർത്താവിന്റെ ക്ഷണം സ്വീകരിച്ചിട്ടുണ്ടോ?" ധനവാന്റേയും ലാസറിന്റേയും സംഭവം ഈ ആത്മാ–ന്വേഷണ ചോദ്യം ഉയർത്തുന്നു: "ഞാൻ മരിക്കുവാൻ ഒരുങ്ങിയോ?"

## പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിനുള്ള വേദഭാഗങ്ങൾ നിറച്ച് പ്രസംഗ സാധ്യതയുള്ളതാണ്.

**ലൂക്കൊസ് 14**

ലളിതമായ ക്ഷണത്തിന്റെ ഉപമ (ലൂക്കൊസ് 14:16–24) ഉപയോഗിച്ച് യേശുവിനെ അനുഗമിക്കാതിരിപ്പാൻ ആളുകൾ ഒഴികഴിവുകൾ പറയുന്നതിനെക്കുറിച്ച് പ്രസംഗിക്കാം. ഒരു ഒഴികഴിവ് എന്നാൽ "നുണചർമത്തിനടിയിൽ ഉണക്കിവെച്ച കാരണം" എന്ന് ഒരാൾ പറയുകയുണ്ടായി. കരോൾ സൈറ്റ്സ് ഈ വേദഭാഗത്തെ ഉപയോഗിച്ചുള്ള തന്റെ പ്രസംഗത്തെ "എ റിയൽറ്റർ, എ ഫാർമർ, ആന്റ് എ ഹെൻ–പെക്ഡ് ഹസ്ബന്റ് എന്നാണ് വിളിച്ചത്".[43]

**ലൂക്കൊസ് 15**

ലൂക്കൊസ് 15–ലെ കാണാതെ പോയ വസ്തുക്കളെക്കുറിച്ച് പല പ്രസംഗങ്ങളും നടത്തിയിട്ടുണ്ട്. നിങ്ങൾ ഈ അദ്ധ്യായത്തെക്കുറിച്ച് പ്രസംഗിക്കുമ്പോൾ, വീട്ടിൽ നഷ്ടപ്പെട്ട മകനെക്കുറിച്ച് പ്രസംഗിക്കാതിരിക്കരുത്. ഈ പാഠത്തിനുശേഷം വരുന്ന മൂത്തമകനെക്കുറിച്ചുള്ള പ്രസംഗക്കുറിപ്പുകൾ നോക്കുക.

**ലൂക്കോസ്16**

ലുക്കൊസ് 16 ലെ  ധനവാനേയും ലാസറിനേയും കുറിച്ചുള്ള വിവരണം ഉപദേഷ്ടാക്കന്മാരെ ആകർഷിച്ചിട്ടുണ്ട്. ഈ വേദഭാഗത്തോടുള്ള എന്റെ ഒരു സമീപനം ഈ പുസ്തകത്തിലുണ്ട്: "'നരകത്തിൽ' നിന്നുള്ള ഒരു കത്ത്" എന്ന തലക്കെട്ടോടുകൂടിയ ഒരു വിശദീകരണ പ്രസംഗം, "മുന്ന് പ്രവൃത്തികളിൽ ഉള്ള വിജയവും വിപത്തും" എന്ന തലക്കെട്ടോട് കൂടി ഈ സംഭവത്തെ നീൽ പ്രയർ പ്രസംഗിച്ചിട്ടുണ്ട്.[44] പ്രവൃത്തി 1 ധനവാന്റേയും ലാസറിന്റേയും ജീവിതത്തിലുള്ള  അന്തരമാണ്: ധനവാൻ വിജയം ആസ്വദിച്ചു, എന്നാൽ ലാസർ തന്റെ വിപത്തിൽ കഷ്ടപ്പെട്ടു. പ്രവൃത്തി 2 അവർ രണ്ടുപേരുടേയും സംസ്കാര ശുശ്രൂഷകളെ ഊഹിക്കുന്നു: ധനവാൻ ആഘോഷത്തിൽ പ്രകീർത്തിക്കപ്പെട്ടു, എന്ന കാര്യത്തിൽ സംശയമില്ല (അധികമായ വിജയം), എന്നാൽ ലാസറിന്റെ മൃതശരീരം ആഘോഷമില്ലാത അടയാളപ്പെടുത്താത്ത കുഴിയിൽ കുഴിച്ചിട്ടുകാണും (വിപത്ത് വർദ്ധിച്ചു) പിന്നെ, പ്രവൃത്തി 3 വിവരിക്കുന്നത് രണ്ടുപേരും പാതാളത്തിലാണ് എന്നത്രേ: അവസാനം, ലാസർ വിജയിയാവുകയും, എന്നാൽ ധനവാൻ വിപത്ത് നേരിടുകയും ചെയ്തു "പ്രവൃത്തി 3" ആണ് കാര്യമായതെന്ന് പ്രയർ ഊന്നിപ്പറയുന്നു.

വില കണക്കാക്കൽ, ഒരു നല്ല കാര്യവിചാരകനാകൽ, മറ്റ് പ്രധാനതത്വങ്ങൾ എന്നിവ ഈ പാഠത്തിൽ മറ്റ് വേദഭാഗങ്ങൾ എടുത്തുകൊണ്ട് ഉപയോഗിക്കാം.

---

**കുറിപ്പുകൾ**

[1]"ഉപമ" യുടെ അർത്ഥവും യേശു എന്തുകൊണ്ട് ഉപമകൾ ഉപയോഗിച്ചു എന്നതും

നിങ്ങൾക്ക് വേണമെങ്കിൽ ആവർത്തിക്കാം. [2]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂ റ്റെസ്റ്റമെന്റ്* (ലിബർറ്റി, മോ.: കോളിറ്റി പ്രസ്സ്, 1963), 175. [3]ഒരു ഉപമയുടെ നിർവചനത്തെ ആസ്പദമാക്കിയാണ് അതിന്റെ എണ്ണം തിട്ടപ്പെടുത്തുന്നത് എന്നതുകൊണ്ട് ആ സമയത്ത് പറഞ്ഞ ഉപമകളുടെ എണ്ണത്തെക്കുറിച്ച് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. [4]വാക്യം 1 അനുസരിച്ച്, യേശു ഭക്ഷണത്തിനു പോയത് പരീശ*പ്രമാണിമാരിൽ* ഒരാളുടെ വീട്ടിലേക്കായിരുന്നു. "പരീശന്മാർ അസംഘടിത സംഘമായിരുന്നു, അതുകൊണ്ട് അവരുടെ അധികാരികൾ അല്ലെങ്കിൽ (അദ്ധ്യക്ഷന്മാർ) *ഔദ്യോഗിക*മായിരുന്നില്ല, മറിച്ച് സ്വാധീനത്താലായിരുന്നു" (ജെ. ഡബ്ളിയു. മെക്ക്ഗാർവേ ആന്റ് ഫിലിപ്പ് വൈ പെന്റ് ലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പൽ ഓർ ഏ ഹാർമണി ഓഫ് ദ ഫോർഗോസ്പൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ് കംമ്പനി., 1914), 492; എംഫസിസ് ഹിസ്). [5]യേശു എന്തിനാണ് ഈ ക്ഷണമെല്ലാം സ്വീകരിച്ചത് എന്നതിന്റെ ചർച്ചക്ക്, ഈ പുസ്തകത്തിൽ നേരത്തെ വന്ന "ഒരു ഇടയന്റെ വിചാരം" എന്ന പാഠം നോക്കുക. [6]*ഹഡ്റോപ്സ്* എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് ഇംഗ്ലീഷ് വാക്കായ "ഡ്രോപ്സി" നമുക്ക് ലഭിച്ചത്, അത് വന്നത് "വെള്ളം" എന്ന വാക്കിനുള്ള ഗ്രീക്കു വാക്കിൽ നിന്നാണ് (അതിൽ നിന്നാണ് നമുക്ക് ലഭിക്കുന്ന ഇംഗ്ലീഷിലെ "ഹൈഡ്രോ.") [7]വൃക്കയുടെ ക്രമവിരുദ്ധമായ പ്രവർത്തനത്താലും ശരീരത്തിൽ വെള്ളം കെട്ടിനില്ക്കലുണ്ടാകാം (ചാൾസ് ബി. ക്ലേമാൻ, മെഡിക്കൽ എഡി., *ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ ഹോം മെഡിക്കൽ എൻസൈക്ലോപീഡിയ,* വാല്യം. 1 (ന്യു യോർക്ക്: റാന്റം ഹൗസ്, 1989), എസ്.വി. "ഡ്രോപ്സി". [8]ചില പുരാതന കയ്യെഴുത്തു പ്രതികളിൽ "സൺ" എന്നും ചിലതിൽ "ഡോങ്കി" എന്നുമാണ്. (കെജെവി നോക്കുക). എൻഏഎസ്ബി തർജ്ജിമക്കാർ "സൺ" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. [9]ലൂക്കൊസ് 14:5–ലെ "കിണർ" എന്നത് ഗ്രീക്കിൽനിന്ന് തർജ്ജിമ ചെയ്തിരിക്കുന്നതിന് "കുഴി" എന്നും അർത്ഥമുണ്ട് (കെജെവി നോക്കുക), എന്നാൽ ഏറ്റവും സാധാരണമായ അർത്ഥം "കിണർ" അല്ലെങ്കിൽ "തൊട്ടി" എന്നാണ് . (യാക്കോബിന്റെ കിണറിനെ സൂചിപ്പിച്ച് കൊണ്ട് യോഹന്നാൻ 4:11, 12–ൽ ഉപയോഗിച്ചിരിക്കുന്നത് ആ വാക്കാണ്.) [10]ഞാൻ താമസിക്കുന്ന സ്ഥലത്ത് ഞങ്ങൾപറയും, "അവർ വിരുന്നിന് മേശത്തലക്കൽ ഇരിക്കുവാൻ ആഗ്രഹിക്കുന്നു." നിങ്ങളുടെ പ്രദേശത്ത് ഉള്ള നടപ്പ് വിശദീകരിക്കാം.

[11]നമ്മുടെ സ്നേഹിതന്മാരെ വീട്ടിലേക്ക് ക്ഷണിക്കുന്നതിൽ അപാകതയില്ല. മാർത്ത, മറിയ തുടങ്ങിയവരുടെ അതിഥി സൽക്കാരത്തെ യേശു ആസ്വദിച്ചു (ലൂക്കൊസ്10:38). ഇങ്ങോട്ട് ലഭിക്കുമെന്നവർക്ക് മാത്രമായി നമ്മുടെ അതിഥി സൽക്കാരം *ചുരുങ്ങരുത്.* [12]"നീതിമാന്മാരുടെ ഉയർപ്പ്" എന്ന പദപ്രയോഗം എടുത്ത് ചിലർ രണ്ട് ഉയർത്തെഴുന്നേൽപ്പുണ്ട് എന്ന് പറയും: നീതിമാന്മാരുടെ ഉയർത്തെഴുന്നേൽപ്പും, പിന്നീട്, നീതികെട്ടവരുടെ ഉയർത്തെഴുന്നേൽപ്പും എങ്ങനെയായാലും, നന്മ ചെയ്തവർക്കും തിന്മ ചെയ്തവർക്കും *പൊതുവായി ഒരു* ഉയർത്തെഴുന്നേൽപ്പാണ് ഉള്ളതെന്ന് ബൈബിൾ പഠിപ്പിക്കുന്നു (യോഹന്നാൻ 5:28, 29). ലുക്കൊസ് 14:14–ൽ യേശു ഉപദേശിച്ചത് ഉയർത്തെഴുന്നേൽപ്പിൽ നീതിമാന്മാരാണ് *അനുഗ്രഹിക്കപ്പെടുന്നത്* എന്നത്രേ. [13]വരുവാനിരുന്ന മശിഹാരാജ്യത്തെക്കുറിച്ച് യഹൂദന്മാർക്കിടയിൽ വിവിധ ആശയങ്ങൾ ഉണ്ടായിരുന്നു. [14]ഈ ഉപമയെ "ലളിതമായ ക്ഷണത്തിന്റെ ഉപമ" എന്നടക്കം പലപേരുകളിൽ അറിയപ്പെടുന്നു. [15]ലുക്കൊസ് 14:23ലെ "നിർബന്ധിച്ചു" എന്നത് ഭൗതികമായ നിർബന്ധമായിരുന്നില്ല, എന്നാൽ ശക്തമായ സ്വാധീനിക്കൽ ആയിരുന്നു. ധനവാനും ശക്തനുമായ ഒരാളുടെ വീട്ടിലേക്ക് അയോഗ്യരായവർ സാധാരണ വരികയില്ല. [16]യേശുവിന്റെ മരണത്തിന് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് അവൻ യെരുശലേമിലേക്ക് വിജയകരമായി പ്രവേശിക്കുന്നതുകൊണ്ട് ആവേശം ഉച്ചസ്ഥായിയിലെത്തി (മത്തായി 21:1–11). [17]ലൂക്കൊസ് 14:26

മത്തായി 10:37 മായി താരതമ്യം ചെയ്യുക. ലൂക്കൊസ് 14:27 മത്തായി 10:38; 16:24; മർക്കൊസ് 8:34; ലൂക്കൊസ് 9:23 മായി താരതമ്യം ചെയ്യുക. [18]ഈ ചിത്രീകരണത്തിലെ "ശത്രു" വിനെക്കുറിച്ച് നിങ്ങൾ വിചാരപ്പെടേണ്ട. ഒരു ഉപമയിൽ/ചിത്രീകരണത്തിൽ എല്ലാ വിശദാംശങ്ങൾക്കും "ചില അർത്ഥം" ഉണ്ട് എന്ന് കരുതരുത്. [19]ലൂക്കൊസ് 12:33 1 മായി താരതമ്യം ചെയ്യുക. ലൂക്കൊസ് 12:33 നെക്കുറിച്ചുള്ള പരാമർശങ്ങൾ ഈ പുസ്തകത്തിൽ തന്നെ ഉള്ളത് നോക്കുക. യേശുവിനെ മുഴുവൻ സമയവും അനുഗമിക്കുന്നവർക്ക് എല്ലാം വിട്ടുകളയുന്നത് ഒരു വെല്ലുവിളിയായിരുന്നു. അതിനു പുറമെ, പിന്നീട് ക്രിസ്ത്യാനികൾക്ക് ഉപദ്രവം നേരിട്ടപ്പോൾ (പ്രവൃത്തികൾ 8:1), അവനെ പിൻപറ്റിയവർക്കെല്ലാം അവരുടെ സമ്പാദ്യങ്ങളെല്ലാം വിട്ടുകളയേണ്ടി വന്നു. [20]ചിലർ തങ്ങളുടെ ലൗകീകമായ പ്രവൃത്തികളുമായി ബന്ധപ്പെടുന്നതിനെ ന്യായീകരിക്കുവാൻ ലൂക്കൊസ് 15:1, 2 എടുക്കാറുണ്ട്. യേശുവിന്റെ *ഉദ്ദേശം* പരിഗണിക്കുക: അവരുടെ ആത്മാക്കളുടെ രക്ഷക്കായി അവൻ അവരോടൊപ്പം ഭക്ഷിച്ചു (ലൂക്കൊസ് 5:30–32). യേശുവിന്റെ *പങ്കാളിത്തം* എത്രമാത്രം ഉണ്ടായിരുന്നു എന്ന് ചിന്തിക്കുക. അവൻ അവരോടൊപ്പം ഭക്ഷിച്ചു എങ്കിലും, അവരുടെ പാപങ്ങളിൽ അവൻ പങ്കുകാരനായിരുന്നില്ല.

[21]വ്യത്യസ്തമായ പ്രായോഗികതക്ക് യേശു കാണാതപോയ ആടിന്റെ ചിത്രീകരണം നൽകി (മത്തായി 18:12–14). [22]നീതിമാൻ ആയി ആരും ഇല്ലാതിരിക്കുന്നത്കൊണ്ട് (റോമർ 3:10), എല്ലാവർക്കും മാനസാന്തരം ആവശ്യമായതുകൊണ്ട് (പ്രവൃത്തികൾ 17:30), ലൂക്കൊസ് 15:7 ന്റെ അവസാനഭാഗം ധാരാളം കാര്യങ്ങൾ നിറഞ്ഞിരിക്കുന്നതായി കാണുന്നു: മാനസാന്തരം *ആവശ്യമില്ലാത്ത*, നീതിമാന്മാരാണ് തങ്ങളെന്ന് പരീശന്മാർ കരുതിയിരുന്നു(ലൂക്കൊസ് 18:9). [23]അവർക്ക് നഷ്ടപ്പെട്ടതായ ദ്രവ്യം ദ്രഹ്മയായിരുന്നു അത് ഒരു ദിനാറിന് തുല്യമായിരുന്നു, അത് ഒരു ദിവസത്തെ വേതനത്തിന് തുല്യമായിരുന്നു. [24]"മുടിയൻ" എന്ന വാക്ക് നമ്മിൽ പലരും കേൾക്കുകയും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്, അവൻ നമ്മുടെ മനസിൽ "അവിശ്വസ്തൻ" അല്ലെങ്കിൽ "പാപി" ആയിട്ടാണ് ഉള്ളത്. ആ വാക്കിന്റെ ശരിയായ അർത്ഥം "പ്രയോജനമില്ലാത്ത അല്ലെങ്കിൽ അതിരുകവിഞ്ഞ," എന്നാണ്. [25]ജോൺ ഫ്രാൻക്ളിൻ കാർട്ടർ, *എ ലെമെൻസ് ഹാർമണി ഓഫ് ദ ഗോസ്പൽസ്* (നാഷ്വിലെ: ബ്രോഡ്മാൻ പ്രസ്സ്, 1961), 216. [26]ഉപമയുടെ ഈ ഭാഗത്തെ നോട്ടുകൾക്ക് ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ശേഷം സംഭവം" നോക്കുക. [27]എൻഎഎസ്ബിയിലും മറ്റ് പല ആധുനിക തർജ്ജിമകളിലും "മാനേജർ" എന്നാണ്. ദ കണ്ടംബററി ഇംഗ്ളീഷ് വെർഷനിലും ന്യൂ സെഞ്ചുറി വെർഷനിലും "അവന്റെ വ്യവസായം നോക്കിനടത്തിയ മാനേജർ" എന്നാണ്. ഈ ഉപമയെക്കുറിച്ചുള്ള മറ്റ് പേരുകൾ "അനീതിയുള്ള മാനേജരെക്കുറിച്ചുള്ള ഉപമ," "കൂശാഗ്രബുദ്ധിയുള്ള മാനേജരെപ്പറ്റിയുള്ള ഉപമ," "അനീതിയുള്ള കാര്യവിചാരകന്റെ ഉപമ" (ലൂക്കൊസ് 16:8 നോക്കുക; കെജെവി) എന്നിവയാണ്. [28]യേശു ഈചിത്രീകരണം ഉപയോഗിച്ചതിന്റെ കാരണം ക്രിസ്തു വിശുദ്ധീകരിച്ചത് ചുങ്കക്കാരും പാപികളും ശ്രദ്ധിച്ചതുകൊണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. [29]സാധാരണ ദാസന്മാർ ചെയ്തിരുന്ന ജോലിയായിരുന്നു ആ മനുഷ്യന്റേത്, എന്നാൽ കാര്യ വിചാരകനെ *പിരിച്ച് വിടുമെന്ന്* പറയുന്നത് കൊണ്ട് അവൻ ദാസനല്ലാതെ, സ്വതന്ത്രൻ ആയിരുന്നേക്കാം. [30]കെജെവി പറയുന്നത് അനീതിയുള്ള കാര്യവിചാരകൻ "ബുദ്ധിയോടെ പ്രവർത്തിച്ചു എന്നാണ്." അത് നല്ലൊരു തർജ്ജിമയാണ്, എന്നാൽ ആ മനുഷ്യന്റെ "ബുദ്ധി" *ലോകത്തിന്റേതായിരുന്നു* (1 കൊരിന്ത്യർ 1:20; യാക്കൊബ് 3:15). "ആശയം പ്രകടമാക്കുന്നതാണ് കുശാഗ്ര ബുദ്ധി." ആ ധനവാന്റെ വാക്കുകൾ ലൗകീക–മനസുള്ള ബുദ്ധിയുള്ള ഒരു വിഡ്ഢിയുടേതായിരുന്നു.

[31]പണത്തിന് പ്രത്യേകിച്ച് നന്മയോ അല്ലെങ്കിൽ തിന്മയോ ഇല്ല. ലൂക്കൊസ് 16:9ൽ അതിനെ "അനീതിയുള്ള മാമോൻ" എന്നാണ് വിളിച്ചത്. കാരണം അതിനുവേണ്ടിയുള്ള

ആഗ്രഹം പല ആളുകളിലും അനീതി ഉണ്ടാക്കും (1 തിമൊഥെയോസ് 6:10). [32]ഈ പുസ്ത കത്തിൽ നേരത്തേ പ്രതിവാദിച്ച ലൂക്കൊസ് 12:33 ന്റെ പരാമർശം നോക്കുക. [33]അമേരി ക്കയിൽ ദേ സ്റ്റാർറ്റെഡ് റ്റു ഹെക്കിൾ ഹിം എന്നു പറയും. ലൂക്കൊസ് 23:35 മായി താര തമ്യം ചെയ്യുക. [34]മറ്റുസ്ഥലങ്ങളിൽ പരീശന്മാരെക്കുറിച്ചുള്ള ബന്ധത്തിൽ ലൂക്കൊസ് 16:15–18 ൽ ക്രിസ്തു പറഞ്ഞ വാക്കുകളാണ് താഴെ കൊടുത്തിരിക്കുന്നത്. [35]മലാഖി മു തൽ നാനൂറ്–വർഷ–കാലത്തെ "പ്രവചനനിശബ്ദതക്ക്" യോഹന്നാൻസ്നാപകൻ ഭംഗം വരുത്തി. യോഹന്നാൻ മുതൽ, ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്ന സദ്വാർത്ത ("സുവിശേഷം") പ്രസംഗിച്ചു തുടങ്ങി. എങ്ങനെയായാലും, ദൈവരാജ്യത്തിലേക്ക് ഉള്ള പ്രവേശനം (യേശുവിനെ വിശ്വസിച്ച് പിൻപറ്റിക്കൊണ്ട്), സ്വീകരിക്കുന്നതിന് പകരം പരീ ശന്മാർ അവരുടെ കല്പനകളും നിയമാവലികളും ഉപയോഗിച്ചുകൊണ്ട് അവരുടെ വഴ ികൾ "നിർബന്ധിക്കുവാൻ" ശ്രമിച്ചു. അന്ന് അത് നടന്നില്ല, ഇന്നും നടക്കയില്ല. [36]ലൂക്കൊസ് 16:17 മത്തായി 5:18 മായും ലൂക്കൊസ് 16:18 മായും മത്തായി 5:31, 32 മായും താരതമ്യം ചെയ്യുക. പരീശന്മാർ *മാതാപിതാക്കളെ ബഹുമാനിക്കണമെന്ന* ദൈവത്തിന്റെ നിയമത്തെ അവരുടെ സമ്പ്രദായത്താൽ ദുർബലമാക്കിയത് പോലെ (മത്തായി 15:1–9), അവർ തങ്ങ ളുടെ സമ്പ്രദായങ്ങളാൽ *വിവാഹത്തെ*ക്കുറിച്ചുള്ള ദൈവകല്പനകളേയും ദുർബലമാക്കി. മത്തായി 19:1–9 നാം പഠിക്കുമ്പോൾ വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കു റിച്ചും കൂടുതലായി നമുക്ക് പഠിക്കാം. [37]ധനവാനെ പലപ്പോഴും "ഡൈവ്സ്," എന്ന് വിളി ച്ചിട്ടുണ്ട് എന്നാൽ അത് അവന്റെ പേരായിരുന്നില്ല. "ധനവാൻ" എന്നതിന്റെ ലാറ്റിൻ വാ ക്കാണ് "ഡൈവ്സ്", ലാസർ എന്ന് ദരിദ്രന്റെ പേർ ഉപമയിൽ പറഞ്ഞിട്ടുണ്ട് എന്നാൽ ധനവാന്റെ പേർപറഞ്ഞിട്ടില്ല. [38]ഈ "ഉപമ" യെ കുറിച്ചുള്ള കൂടുതൽ വിശദീകരണത്തിനു ഈ പുസ്തകത്തിൽ വരുവാനിരിക്കുന്ന "നരകത്തിൽ നിന്നുള്ള ഒരു കത്ത്" നോക്കുക. [39]മരണശേഷമുള്ള ശിക്ഷയിൽ വിശ്വസിക്കാത്തവരും മരിച്ചവർക്ക് സ്വബോധം ഉണ്ടെന്ന് വിശ്വസിക്കാത്തവരും ഇതിൽ ഉൾപ്പെടുന്നു. [40]മെക്ഗാർവേ ആൻറ് പെന്റ്ലെറ്റൻ, 514.

[41]കാർട്ടർ, 221. [42]ഈ പാഠ്യ പദ്ധതി ക്ളാസിൽ അവതരിപ്പിക്കയാണെങ്കിൽ, പാപി കളെ ബന്ധപ്പെടുമ്പോൾ നിങ്ങളും നിങ്ങളുടെ വിദ്യാർത്ഥികളും എങ്ങനെ സ്നേഹിത ന്മാരാക്കാമെന്ന് ചർച്ച ചെയ്യുക. സ്കൂളിൽ–പഠിക്കുന്ന കുട്ടിയുള്ള മാതാപിതാക്കൾക്ക് ആ സ്കൂളിൽ പഠിക്കുന്ന മറ്റുകുട്ടികളുടെ മാതാപിതാക്കളുമായി നല്ല പരിചയ ബന്ധം പുലർത്താമെന്നതാണ് ഒരു നിർദ്ദേശം. [43]1999 ഒക്ടോബർ 26ന്, അർക്കൻസാസിലെ, ജുക്സോനിയയിലെ, ജുക്സോനിയ ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചതാണിത്. [44]1985 സെപ്റ്റംബറിൽ ടെക്സസിലെ, ബെഡ്ഫോഡിൽ ഉള്ള ബ്രൗൺ ട്രൈൽ ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചതാണിത്.